# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5370
# 01.07.2014 ലെ മറുപടിക്ക്

## <u>ആസ്തി വികസന ഫണ്ടിന്റെ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം</u>

| | ചോദ്യം.<br>ശ്രീ. ടി.എ അഹമ്മദ് കബീർ.<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. കെ.എൻ.എ. ഖാദർ | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ടിന്റെയും അതിന്റെ വിനിയോഗത്തിന്റെയും കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | ആസ്തി വികസന പദ്ധതിയുടെ കീഴിൽ ശുപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികൾ 11.06. 2012 ലെ സ.ഉ.(പി) നം.332/12/ധന ഉത്തരവിലെ മാർഗ്ഗരേഖയ്ക്കനുസൃതമായാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയുടെ നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യം തൽക്കാലം ധനവകുപ്പിന്റെ പരിഗണനയിലില്ല. |
| (ബി) | ഇതുപ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടാകുന്നത് പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ ; | നിയോജക മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് താമസംവിനാ അംഗീകാരം നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്. അവ കൃത്യമായി പാലിക്കപ്പെടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പദ്ധതി നിർദേശങ്ങളിൽ ഭരണാനുമതി ലഭിക്കാൻ എത്രയെണ്ണം പെന്റിംഗിലുണ്ടെന്ന് വ്യക്തമാക്കുമോ | ആസ്തി വികസന പദ്ധതി പ്രകാരം ശുപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികൾക്ക് ധനവകുപ്പിന്റെ അനുമതി ലഭ്യമായതിനു ശേഷം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കാൻ ഭരണവകുപ്പിലേക്ക് ഫയൽ അയയ്ക്കുന്നു. ഭരണവകുപ്പിൽ ലഭിക്കുന്ന ഫയലുകളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാലുടൻ തന്നെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് തുടർ പ്രക്രിയയായി നടക്കുന്നതിനാൽ നിലവിലെ കൃത്യമായ പെന്റൻസി സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**